# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 668 — 07-01-2014-ൽ മറുപടിക്ക്.

### കാസർഗോഡ് താപ നിലയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പും വൈദ്യുതി വകുപ്പും സംയുക്തമായി ആരംഭിക്കുമെന്നു പ്രഖ്യാപിച്ച താപ നിലയം എന്ന് ആരംഭിക്കാൻ കഴിയുമെന്നു വ്യക്തമാക്കുമോ? | : | പ്രകൃതി വാതകം ആസ്പദമാക്കിയുള്ള വൈദ്യുതി പദ്ധതിയാണ് നിലവിൽ പരിഗണനയിലുള്ളത്. ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന പ്രകൃതി വാതകം കേന്ദ്ര ഗവൺമെന്റ് അനുവദിക്കാത്തതു മൂലം പുറത്തു നിന്ന് ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ഉപയോഗിച്ചുള്ള വൈദ്യുതി കരാറിൽ ഏർപ്പെടാൻ കെ.എസ്.ഇ.ബി. തയ്യാറായിട്ടില്ല. നിക്ഷേപകരെ കണ്ടെത്തി പ്രകൃതി വാതക കരാറിൽ ഏർപ്പെട്ടശേഷം 2014 അവസാനത്തോടെ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. പദ്ധതിയുടെ പണി ആരംഭിച്ച് ഏകദേശം 30 മാസം കൊണ്ട് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ